## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4670** | 22.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

### അമിതവില ഈടാക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം ജി.എസ്.ടി കൗൺസിൽ പല സാധനങ്ങൾക്കും നികുതി നിരക്കിൽ കുറവ് വരുത്തിയിട്ടും കച്ചവടക്കാർ ഉപഭോക്താക്കൾക്ക് വിലയിൽ കുറവ് വരുത്തിയിട്ടില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) | നികുതിയ്ക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണം എന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നിയമത്തിലെ ആന്റീ പ്രോഫിറ്റിറിംഗ് വകുപ്പ് പ്രകാരം പൊതുജനങ്ങളിൽ നിന്ന് പരാതിയൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും നികുതി കുറവിന്റെ ആനുകൂല്യം ഉപഭോക്താവിനു കൈമാറുന്നുണ്ടോയെന്ന വിവരം ഫീൽഡ് സർവ്വെ വഴിയും ബിൽ ശേഖരണം വഴിയും സംസ്ഥാനമൊട്ടുക്കും വിശദമായ പരിശോധന നടത്തുകയുണ്ടായി. ആനുകൂല്യം കൈമാറാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി |
| (ബി) | ഇത്തരത്തിൽ കുറവ് വരുത്താത്തതിന് ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് 2017 നവംബർ 15 ന് പ്രാബല്യത്തിൽ വന്ന നികുതിനിരക്കിലെ കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്ന വിവരം ഫീൽഡ് സർവ്വെ വഴിയും ബിൽ ശേഖരണം വഴിയും സംസ്ഥാനമൊട്ടുക്കും വിശദമായ പരിശോധന നടത്തുകയുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. |
| (സി) | അമിതവില ഈടാക്കുന്ന സ്ഥാപനങ്ങളുടെയും കച്ചവടക്കാരുടെയും ലൈസൻസ് റദ്ദാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി യിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാത്ത വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് അധികാരമുണ്ട്. അമിതവില ഈടാക്കുന്ന സംഭവങ്ങളിൽ ലൈസൻസ് റദ്ദാക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാര പരിമിതികളുണ്ട്. ഇത്തരം പ്രശ്നങ്ങൾ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയുടെ പരിഗണനയ്ക്ക് കൈമാറുകയാണ് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**